LIBRARY ARCHIVES Kerala Legislative Assembly

കെ.എസ്.എഫ്.ഇ. ജീവനക്കാർക്ക് പെൻഷൻ പദ്ധതി

194 (2432) ശ്രീ. പി. റ്റി. എ. റഹീം : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കെ.എസ്.എഫ്.ഇ. ജീവനക്കാർക്ക് പെൻഷൻ പദ്ധതി ആരംഭിക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

ഉത്തരം

കെ.എസ്.എഫ്.ഇ.-യിൽ ഇ.പി.എഫ്., ഓർഗ്ഗനൈസേഷന്റെ EPF-95 എന്ന പെൻഷൻ പദ്ധതി ഇപ്പോൾ നിലവിലുണ്ട്. പുതിയ പെൻഷൻ പദ്ധതി ആവിഷ്കരിക്കുന്നതിന് കെ.എസ്.എഫ്.ഇ. ജീവനക്കാരുടെ സംഘടനകളും മാനേജ്മെന്റും തമ്മിൽ പെൻഷൻ ഫണ്ടിന്റെ കാര്യത്തിൽ സമയവായത്തിലെത്തിയിട്ടില്ലാത്തതിനാൽ സർക്കാർ ഇക്കാര്യത്തിൽ മറ്റ് നടപടികൾ സ്വീകരിച്ചിട്ടില്ല.

കെ.എസ്.എഫ്.ഇ.-യുടെ പുതിയ ബ്രാഞ്ചുകൾ

195 (2433) ശ്രീ. അൻവർ സാദത്ത് :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. എ. റ്റി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം കെ.എസ്.എഫ്.ഇ.-യുടെ എത്ര പുതിയ ബ്രാഞ്ചുകൾ ആരംഭിച്ചു ;

(ബി) നിലവിൽ ലാഭത്തിലല്ലാത്ത എത്ര ബ്രാഞ്ചുകൾ ഉണ്ട് ;

(സി) പുതിയ റീജിയണൽ ഓഫീസും സോണൽ ഓഫീസുകളും ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) ഇതിനായി വേണ്ടി വരുന്ന അധിക ചെലവ് എത്രയാണ് ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റശേഷം കെ.എസ്.എഫ്.ഇ.-യുടെ 124 പുതിയ ബ്രാഞ്ചുകൾ ആരംഭിച്ചു.

(ബി) 2013-14 ആഡിറ്റ് ചെയ്യാത്ത താല്ക്കാലിക കണക്കുപ്രകാരം 165 ബ്രാഞ്ചുകൾ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്.

(സി & ഡി) കെ.എസ്.എഫ്.ഇ.-യുടെ സമഗ്രമായ വികസനം മുന്നിൽക്കണ്ട്, കമ്പനി restructure ചെയ്യുന്നതു സംബന്ധിച്ച് ഒരു പ്രൊഫഷണൽ ഏജൻസി വഴി പഠനം നടത്തി വിശദമായ റിപ്പോർട്ട് സമർപ്പിക്കാൻ കെ.എസ്.എഫ്.ഇ. മാനേജിംഗ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. ടി പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള വിശദമായ ശിപാർശകൾ ലഭിച്ച ശേഷമേ പുതിയ റീജിയണൽ/സോണൽ ഓഫീസുകൾ ആരംഭിക്കേണ്ടതുണ്ടോയെന്നും ഇതിന് വേണ്ടിവരുന്ന അധിക ചെലവും തീരുമാനിക്കാൻ കഴിയൂ. ആവശ്യപ്പെട്ട പ്രകാരമുള്ള പഠന റിപ്പോർട്ട് ലഭ്യമായിട്ടില്ല.

പ്രൊഫഷണൽ എഡ്യുകെയർ ചിട്ടി പദ്ധതി

196 (2434) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.എഫ്ഇ.-യുടെ നേതൃത്വത്തിൽ സംസ്ഥാനത്ത് പ്രൊഫഷണൽ എഡ്യുകെയർ ചിട്ടി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതിയുടെ നിർവ്വഹണം എപ്രകാരമെന്ന് വ്യക്തമാക്കുമോ ;

(സി) കെ.എസ്.എഫ്ഇ.-യുടെ ഏതെല്ലാം ശാഖയിലാണ് ഈ പദ്ധതി നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതി ഏതെല്ലാം ശാഖകളിലേക്ക് വ്യാപിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രൊഫഷണൽ രംഗത്തെ പഠനം വളരെ ചെലവേറി വരുന്ന ഈ കാലഘട്ടത്തിൽ കുട്ടികളുടെ ഉന്നത വിദ്യാഭ്യാസത്തിന് സഹായകമാകുന്നതിനു വേണ്ടി കെ.എസ്.എഫ്.ഇ. വിഭാവനം ചെയ്ത് നടപ്പിലാക്കിയ നൂതന വിദ്യാഭ്യാസ പദ്ധതിയാണ് പ്രൊഫഷണൽ എഡ്യുകെയർ ചിട്ടി പദ്ധതി. കുട്ടികളിൽ സമ്പാദ്യ ശീലം വളർത്തുക എന്ന ഒരു ലക്ഷ്യംകൂടി ഈ പദ്ധതി പ്രകാരം കെ.എസ്.എഫ്.ഇ. നടപ്പിലാക്കുന്നുണ്ട്. അവരുടെ ചെറിയ സമ്പാദ്യങ്ങൾ കെ.എസ്.എഫ്.ഇ. നൽകിയിട്ടുള്ള ഒരു സേവിംഗ് പോട്ടിൽ നിക്ഷേപിക്കുകയും ആയത് അതാത് സ്റ്റഡി അധികൃതർ സൂക്ഷിക്കുകയും ചിട്ടിയുടെ തീയതിയിൽ അത് തുറന്ന് തവണ സംഖ്യയ്ക്ക് ഉപയോഗിക്കുകയും ചെയ്യുന്ന രീതിയാണ് ആവിഷ്കരിച്ചിരിക്കുന്നത്. 5 മുതൽ 10 വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്കുവേണ്ടി അവരുടെ രക്ഷകർത്താവിന്റെ പേരിൽ പ്രതിമാസ തവണകളായി 2000, 3000, 5000 രൂപ നിരക്കിൽ 30, 40, 60,

LIBRARY ARCHIVES Kerala Legislative Assembly